തോണി തുഴഞ്ഞു പോകാം. മറക്കാനാവാത്ത മധുരാനുഭൂതികളാണു ബിപ്ലത്തിൽ കഴിച്ചുകൂട്ടുന്ന ഓരോ നിമിഷവും നമുക്കു നൽകുക.

ലക്ഷദ്വീപുകൾ കേരളത്തിന്റെ ഒരു ഭാഗമാണ്. ദ്വീപുകാർ മലയാളികളാണ്. എല്ലാ മലയാളികളും ഒരിക്കലെങ്കിലും ദ്വീപുകൾ സന്ദർശിക്കണം. ദ്വീപുകൾ കാണാത്തവർ കേരളത്തിന്റെ മനോഹരമായ ഒരു മുഖം കണ്ടിട്ടില്ല. ദ്വീപുകൾ സന്ദർശിക്കുക ഇപ്പോൾ പ്രയാസമുള്ള കാര്യമല്ല. കൊച്ചിയിലെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ഓഫീസുകാർ ചുരുങ്ങിയ ചാർജിനു കപ്പലിൽ ആരെയും അങ്ങോട്ടു കൊണ്ടുപോകും. കവരത്തി, മിനിക്കോയ് മുതലായ ദ്വീപുകളിൽ സന്ദർശകർക്കു പാർക്കാനുള്ള കൊച്ചു കുടിലുകൾ സർക്കാർ നിർമിച്ചിട്ടുണ്ട്. അവയിൽ ആവശ്യമായ എല്ലാ സുഖസൗകര്യങ്ങളും സന്ദർശകർക്കു ലഭിക്കുകയുംചെയ്യും.

നമ്മുടെ വിദ്യാർഥികളുടെ, അധ്യയനയാത്രകൾ ലക്ഷദ്വീപുകളിലേക്ക് ആക്കുന്നതു കൊള്ളാം. വിദ്യാർഥികൾക്കു കടലിനെപ്പററി ബോധം ഉളവാക്കാൻ, ഈ യാത്രകൾ സഹായിക്കും. കടൽവക്കിൽ എത്രയോ ശതാബ്ദങ്ങളായി പാർത്തുവന്നിട്ടും മലയാളികളുടെ ദൃഷ്ടി ഇപ്പോഴും കിഴക്കുള്ള മലകളിലേക്കാണ്. മലകളിലെ കാടു കയ്യേറി വെട്ടിത്തെളിയിച്ച് ഒരു എസ്റ്റേററുണ്ടാക്കുവാൻ കഴിഞ്ഞാൽ ജീവിതം സഫലമായെന്നു കരുതുന്നവരാണു മിക്ക മലയാളികളും. പടിഞ്ഞാറ് അലയടിച്ചു കിടക്കുന്ന അനന്തസമ്പദ്സമൃദ്ധമായ കടലിലേക്കു നാം ഇനിയും കണ്ണയച്ചു തുടങ്ങിയിട്ടില്ല. ലോകത്തിലെ ഏററവും സമ്പന്നങ്ങളായ മത്സ്യപ്പാടങ്ങളിലൊന്ന് നമ്മുടെ അറബിക്കടലാണ്. നാം അതിൽ ഇറങ്ങി അധ്വാനിച്ചാലേ കേരളത്തിന്റെ തൊഴിലില്ലായ്മയും പട്ടിണിയും തീരൂ. കടലിലേക്ക് ഇറങ്ങാൻ നമുക്കുള്ള ചവിട്ടുപടികളാണ് ഈ പവിഴദ്വീപുകൾ. അവ ഒന്നു പോയി കാണാൻപോലും നമുക്കു സമയമോ, സൗകര്യമോ ഇല്ലെങ്കിലോ?

(10 ഫെബ്രുവരി, 1983)

## 62. നക്സൽബാരിക്കാർ

കേരളത്തിലെ നക്സലൈററുകളെക്കുറിച്ചല്ല ഇവിടെ പറയുന്നത്. നക്സലൈററ്പ്രസ്ഥാനം എവിടെ ഉടലെടുത്തുവോ, ആ ബംഗാളിലെ നക്സൽബാരി പട്ടണത്തിൽ, പ്രസ്ഥാനത്തിന് ഒരു തത്വശാസ്ത്രവും പ്രവർത്തനപദ്ധതിയും നൽകിയ ആദ്യകാലാചാര്യന്മാരെക്കുറിച്ചാണ്.

ഹിമാലയത്തിലെ ഒരു സ്വതന്ത്രരാഷ്ട്രമാണ് നേപാൾ. നേപാളിന്റെ കുറെ ഭാഗം ഹിമാലയത്തിൽനിന്നു താഴോട്ടിറങ്ങി ഇന്ത്യയിലേക്കു തള്ളിക്കിടന്നു കിടക്കുന്നു. 'തരായി' എന്ന് ഈ ഭാഗം വിളിക്കപ്പെടുന്നു. 'താഴ്വര' എന്നേ അർത്ഥമുള്ളു.

ഇന്ത്യയുടെ ഒരു ഭൂപടം നോക്കുക. പടിഞ്ഞാറെ ബംഗാളിന്റെ ഒരു വാൽ, നേപാളിനും ഭൂട്ടാനും ഇടയിലൂടെ സിക്കിമിനെ ഉൾക്കൊണ്ടുകൊണ്ട്, നേരെ വടക്കോട്ടു നീണ്ട് ഹിമാലയത്തിൽച്ചെന്നു മുട്ടുന്നതു കാണാം. ഈ വാൽതന്നെ കിഴക്കോട്ടു നീണ്ട് ആസാം സംസ്ഥാനത്തിന്റെ അതിർത്തിവരെ ചെല്ലുന്നു. 'ബംഗ്ളാദേശ്' എന്ന സ്വതന്ത്രരാഷ്ട്രത്തിന്റെ മുകളിൽ, ഒരു തോരണംപോലെ നീണ്ടുകിടക്കുന്ന ഈ 'ഇടനാഴി'യാണ്

അരുണാചൽപ്രദേശ്, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം മുതലായ വയടക്കം ആസാമിനെ ഇന്ത്യയുമായി ബന്ധപ്പെടുത്തുന്നതു്. ആ നില യ്ക്കു് അത്യന്തം ഭൂരാഷ്ട്രതന്ത്രപ്രാധാന്യമുള്ളതാണ് ഈ പ്രദേശം.

ഈ ഇടനാഴിയിൽ, നേപ്പാളിനെ ഇന്ത്യയിൽനിന്നു വേർതിരിക്കു ന്ന 'മേചി' എന്ന ഒരു പുഴയുണ്ടു്; ചെറിയ പുഴയാണ്; ഭൂപടത്തിൽ കാണില്ല. വേനൽക്കാലത്തു് ഇറങ്ങിക്കടക്കാം. അരയ്ക്കു വെള്ളമുണ്ടാവും. മഞ്ഞുകാലത്തു്, ഹിമാലയം മരവിക്കുമ്പോൾ, 'മേചി' വററും. അപ്പോൾ നടന്നു കടക്കാം. അതിർത്തിയിൽ വലിയ കാവലൊന്നു മില്ല.

മേചി പുഴയിൽനിന്നു് ഇന്ത്യയുടെ വശത്തു് ആറു കി. മീ. ഉള്ളി ലാണ് 'നക്സൽ ബാഡി' എന്ന ചെറു നഗരം. ഇതത്രേ നക്സലൈ ററ്പ്രസ്ഥാനത്തിൻെറ ജന്മഭൂമി.

നക്സലൈററ്പ്രസ്ഥാനത്തെപ്പററി ഒരു നടുക്കത്തോടെ ഇന്ത്യ ആദ്യമായി കേട്ടതു് 1967—ൽ ആണ്. ചൈനയിൽ മാവോസേതുങ്ങി ൻെറ നേതൃത്വത്തിൽ കർഷകർ നടത്തിയ വിമോചനസമരമായിരുന്നു നക്സലൈററുകളെ ആവേശംകൊള്ളിച്ചതു്. ജന്മിമാർക്കും അവരെ സഹായിക്കാനെത്തിയ പോലീസുകാർക്കും എതിരേ ആയുധമേന്തിയ കർഷകർ പൊരുതി ഗ്രാമങ്ങളിൽ വിമോചിതമേഖലകൾ സ്ഥാപിക്കു കയും, ഇത്തരം വിമോചിതമേഖലകളെ താവളമാക്കി ഉപയോഗിച്ച്, നഗരങ്ങളിലെ ബൂർഷ്വാ സർക്കാർ ഭരണത്തെ അട്ടിമറിച്ച്, ഇന്ത്യയെ മുഴുവൻ വിപ്ലവ (കമ്യൂണിസ്റ്റ്) സർക്കാരിൻെറ കീഴിൽ കൊണ്ടുവരിക യുമെന്നതായിരുന്നു നക്സലൈററ്പ്രസ്ഥാനത്തിൻെറ ലക്ഷ്യം.

ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനു മുമ്പുതന്നെ അവിഭക്തബംഗാളിൽ ശക്തിയേറിയ ഒരു കർഷകപ്രസ്ഥാനമുണ്ടായിരുന്നു. ബംഗാളിലെ കർഷ കരിൽ അധികവും ജന്മിമാരുടെ കീഴിൽ പണിയെടുക്കുന്ന പങ്കുവാരക്കാ രായിരുന്നു. ജന്മിയുടെ നിലത്തിൽ കർഷകൻ അദ്ധ്വാനിക്കുക, രണ്ടു കൂട്ടരും വിളവു് പകുതിവീതം പങ്കിട്ടു് എടുക്കുക—ഇതായിരുന്നു പഴയ സമ്പ്രദായം. ജന്മിയുടെ വിഹിതം പകുതിയിൽനിന്നു മൂന്നിലൊന്നാ യി കുറയ്ക്കാൻവേണ്ടി 1940—കളിൽ ബംഗാളിൽ നടന്ന വാശിയേറിയ കർഷകസമരങ്ങളെ 'തേഭാഗാ' പ്രസ്ഥാനമെന്നു വിളിക്കുന്നു. തേഭാഗാ = ത്രിഭാഗം = മൂന്നിലൊന്നു്. ഈ പ്രസ്ഥാനത്തിനു നേതൃത്വം നല്കിയിരു ന്നതു് അന്നു പിളരാതിരുന്ന കമ്യൂണിസ്റ്റ്പാർട്ടിയാണ്. കർഷകരും ജന്മി—പോലീസ്—കൂട്ടുകെട്ടും തമ്മിൽ രക്തരൂഷിതങ്ങളായ പല സം ഘട്ടനങ്ങളും ഈ സമരത്തിനിടയ്ക്കു നടക്കുകയുണ്ടായി. അറുപതുലക്ഷ ത്തോളം കർഷകർ 'തേഭാഗാ'സമരങ്ങളിൽ പങ്കെടുത്തിരുന്നുവത്രേ.

നക്സലൈററ്പ്രസ്ഥാനത്തിൻെറ സ്ഥാപകനേതാക്കളിൽ ഏററ വും പ്രസിദ്ധർ മൂന്നു പേരാണ്. ചാരുമജുംദാർ, കനുസാന്യാൽ, ജംഗൽ സാന്താൾ. കമ്യൂണിസ്റ്റ് ആയിരുന്ന ചാരുമജുംദാർ 'തേഭാഗാ'പ്രസ്ഥാ നത്തിൽ പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഇന്ത്യൻ കമ്യൂണിസ്റ്റ്പ്രസ്ഥാനം തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിലേക്കു നീങ്ങിയ തു് ആ പ്രസ്ഥാനത്തിലെ തീവ്രവാദികൾക്കു് ഇഷ്ടപ്പെട്ടില്ല. ചൈനീ സ് മാതൃകയിൽ ഇന്ത്യയിൽ ഒരു വിമോചനപ്രസ്ഥാനം കെട്ടിപ്പടുക്കുന്ന തിനുള്ള വിദേശപരിപാടികൾ നിർദേശിച്ചുകൊണ്ടു് ചാരുമജുംദാർ എഴു തിയ ആറു ലേഖനങ്ങൾ നക്സലൈററ്പ്രസ്ഥാനത്തിനു് 1964—ൽ അടി ത്തറ പാകി. 1967 ആയപ്പോഴേക്കും പശ്ചിമബംഗാളിൽ തരായി പ്രദേശത്തു്, നക്സൽബാഡി നഗരത്തിനു ചുററുമായി മുന്നൂറു ചതുരശ്ര മൈലോളം സ്ഥലം 'വിമോചിതമേഖല'യായി നക്സലൈററുകൾ പ്രഖ്യാപിച്ചു. 20000—ത്തോളം കർഷകർ പ്രസ്ഥാനത്തിൻെറ മുഴുസമയ

പ്രവർത്തകരായിത്തീർന്നുവെന്നും, ഗ്രാമങ്ങളിലെ കർഷക സമിതികൾ സായുധസേനാവിഭാഗങ്ങളായി മാറിയെന്നും, വില്ല്, അമ്പ്, കുന്തം എന്നീ പഴയ ആയുധങ്ങൾക്ക പുറമെ ജന്മിമാരിൽനിന്നും പിടിച്ചെടുത്ത ഏതാനും തോക്കുകൾകൂടി ഇവരുടെ ആയുധശേഖരത്തിലുൾപ്പെട്ടിരുന്നു വെന്നും പറയപ്പെടുന്നു. 1967 മെയ്മാസത്തിൽ നക്സൽബാഡി നഗരത്തിനടുത്തു് ഒരു ഗ്രാമത്തിൽ വിപ്ലവകാരികളും പോലീസുകാരും തമ്മിൽ വലിയ ഏറ്റുമുട്ടൽ നടക്കുകയുണ്ടായി. അതിനുമുമ്പ് 'വിമോചിതമേഖല'യിൽ നക്സലൈറ്റ് കാവല്ക്കാരുടെ അനുവാദം കൂടാതെ പ്രവേശിക്കുക ആപൽക്കരമായിരുന്നു. 1967 ജൂലൈയിൽ ജംഗൽ സാന്താൾ അറസ്റ്റ്ചെയ്യപ്പെട്ടു. കനുസാന്യാൽ 1968 ഒക്ടോബർവരെ പിടികൊടുക്കാതെ ഒളിവിൽ കഴിഞ്ഞു.

1969 ഫെബ്രുവരിയിൽ ബംഗാളിൽ ജ്യോതിബസുവിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി മന്ത്രിസഭ അധികാരത്തിൽവന്നു. അതേവർഷം മെയ് മാസത്തിൽ,മെയ് 1—ാം തീയതി, കൽക്കത്തയിൽ നടന്ന നക്സലൈറ്റ് വിപ്ലവകാരികളുടെ ഒരു പൊതുസമ്മേളനത്തിൽവെച്ച ജയിലിൽനിന്നു വിട്ടുവന്ന കനുസാന്യാൽ സി. പി. ഐ. (എം. എൽ). പാർട്ടി രൂപവല്ക്കരിച്ചതായി പ്രഖ്യാപിച്ചു.ഏതാനും ആഴ്ചകൾക്കുമുമ്പ് സാന്യാലിനെയും ജംഗൽ സാന്താളിനെയും ജ്യോതിബസു മന്ത്രിസഭ ജയിലിൽനിന്നു വിട്ടയച്ചിരുന്നു.

1972—ൽ കല്ക്കത്തയിൽവച്ച് അഞ്ചു വർഷമായി ഒളിവിലായിരുന്ന ചാരുമജുംദാർ അറസ്റ്റ്ചെയ്യപ്പെട്ടു. 1978 ആയപ്പോഴേക്കും ഇന്ത്യയിലാകെ 32000—ത്തോളം നക്സലൈറ്റ് പ്രവർത്തകരും അനുഭാവികളും ജയിലിലായി. പടിഞ്ഞാറെ ബംഗാളിൽത്തന്നെ 17787 നക്സലൈറ്റുകൾ അക്കാലത്തു ജയിലിലുണ്ടായിരുന്നുവത്രേ. ഇവരിൽ 1399 പേർ 18 വയസ്സിൽ താഴെയുള്ളവരായിരുന്നു.

ക്രമേണ നക്സൽബാഡി പ്രദേശത്തു വിപ്ലവാവേശം കെട്ടടങ്ങി. ആ പ്രദേശം കള്ളക്കടത്തുകാരുടെ കേന്ദ്രമായി മാറി. നേപാൾ അതിർത്തിക്കുള്ളിലുള്ള 'ദുലാബാഡി' എന്ന ചെറുനഗരത്തിൽ നിന്നാണ് ഈ കള്ളക്കടത്തു് ഉത്ഭവിക്കുന്നതു്. ജപ്പാനിലും ചൈനയിലും ഹോങ്കോങ്ങിലും നിർമിച്ച മികച്ച ക്യാമറകൾ, ടേപ്റിക്കോർഡുകൾ, റേഡിയോകൾ, കളർ ടി. വി. സെറ്റുകൾ, വീഡിയോ കാസെറ്റ് റിക്കോർഡുകൾ, സിനിമാപ്രൊജക്റ്ററുകൾ, വാച്ചുകൾ, വിദേശ തുണിത്തരങ്ങൾ— പുത്തൻ പണക്കാരെ ആകർഷിക്കുന്ന എല്ലാ ആഡംബരവസ്തുക്കളും— ഈ നഗരത്തിൽ യഥേഷ്ടം വില്ക്കാനുണ്ട്. നേപാളിൽ ഇവയ്ക്കു വിലയുടെ എഴുപതു ശതമാനമേ ഇറക്കുമതിച്ചുങ്കമുള്ളു. ഇന്ത്യയിൽ വിലയുടെ മുന്നൂറു ശതമാനത്തോളമുണ്ട് ഇറക്കുമതിച്ചുങ്കം. അതായതു്, നേപാളിൽ 170 രൂപയ്ക്കു കിട്ടുന്ന അതേ സാധനത്തിനു് ഇന്ത്യയിൽ നാനൂറു രൂപ വില കൊടുക്കണം.

നക്സൽബാഡി നഗരത്തിൽനിന്നു് ആർക്കും കാറിൽ ദുലാബാഡിയിൽ പോകാം. മേചി പുഴയിൽ പാലമുണ്ട്. ഇന്ത്യയിൽനിന്നു നേപാളിൽ കടക്കാൻ പാസ്പോർട്ടോ,വിസയോ വേണ്ട. ദുലാബാഡിയിലെ കച്ചവടക്കാർ വിശ്വസ്തരാണ്. വിലയും പത്തുശതമാനം കടത്തുകൂലിയും കൊടുത്താൽ, നിങ്ങൾക്കിഷ്ടമുള്ള സാധനം, പിറേറന്നു പുലരുംമുമ്പ്, നക്സൽബാഡിയിലെ നിങ്ങളുടെ ഹോട്ടൽമുറിയിൽ കിട്ടും. ഒരുകോടി രൂപ വിലയ്ക്കുള്ള ചരക്കുകൾ ഇവിടെ നേപാളിൽനിന്നു് ഇന്ത്യയിലേക്ക് ദിവസേന കളവായി കടത്തപ്പെടുന്നുണ്ടത്രേ. കടത്തുകാർക്ക കൂലിയായി ഓരോ ദിവസവും പത്തുലക്ഷം രൂപ കിട്ടുന്നു. സർക്കാർ ഈ ഇടപാടിനു

നേരെ കണ്ണടച്ചിരിക്കുകയാണ്. നാട്ടുകാർക്കും ജീവിക്കണമല്ലോ! അവർ വേറെ എന്തു തൊഴിലെടുക്കാനാണ്.

അങ്ങനെ വിപ്ലവകേന്ദ്രം കള്ളക്കടത്തു കേന്ദ്രമായപ്പോൾ വിപ്ലവ നേതാക്കന്മാർക്ക് എന്തുപററി?

ചാരുമജുംദാർ മരിച്ചുപോയി.

കനുസാന്യാലിന്ന് ഇപ്പോൾ അമ്പത്താറു വയസ്സായി. നക്സൽബാഡി നഗരത്തിൽ ഒരു ഇരുനിലക്കെട്ടിടത്തിൽ സാന്താൾ വർഗക്കാരി രണ്ടാം ഭാര്യയോടൊപ്പം കനുസാന്യാൽ താമസിക്കുന്നു. കെട്ടിടത്തിൻെറ ഒരു നില വാടകയ്ക്കു കൊടുത്തിരിക്കുകയാണ്. പതിമ്മൂന്നു മൈൽ അകലെ മറെറാരു നഗരത്തിലും സാന്യാലിന്നു സ്വന്തമായി മറെറാരു ഇരുനിലക്കെട്ടിടമുണ്ട്. ഈ കെട്ടിടത്തിൻെറ രണ്ടുനിലകളും വാടകയ്ക്കു കൊടുത്തിരിക്കുന്നു. വാടകയിനത്തിൽ സാന്യാലിന്നു മാസത്തിൽ തൊള്ളായിരം രൂപ കിട്ടും. നക്സൽബാഡിപോലെ ഒരു ചെറുപട്ടണത്തിൽ സുഖമായി ജീവിക്കാൻ ഇത്രയും വരുമാനം മതി. ഇതിനു പുറമേ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ നക്സൽബാഡി ബ്രാഞ്ചിൽ 1982–ൽ സാന്യാലിൻെറ പേരിൽ ആറുലക്ഷം രൂപയുടെ നിക്ഷേപവും ഉണ്ടായിരുന്നു.

കനുസാന്യാലിനെപ്പററി ആളുകൾക്ക് ഇപ്പോഴും ബഹുമാനമുണ്ട്, ഭയവുമുണ്ട്. ജന്മിമാർക്കും പോലീസിനുമെതിരെ സായുധകലാപം നടത്തിയ നക്സലൈററ് കർഷകരെ നക്സൽബാഡി പ്രദേശത്തുള്ള ദരിദ്രഗ്രാമീണർ വീരരെന്നു കരുതി ആരാധിക്കുകതന്നെചെയ്യുന്നു. അതാണു ബഹുമാനത്തിനു കാരണം. അസമയത്ത് ഈ പ്രദേശത്തു നടക്കരുതെന്ന് ആളുകളെ ഇപ്പോഴും ഉപദേശിക്കാറുണ്ട്. കൊള്ളയും കൊലയും സാധാരണം. കേസ്പോരും കേസ്വീയും ഇല്ല. ചുവരുകളിൽ നക്സലൈററ് മുദ്രാവാക്യങ്ങൾ ഇപ്പോഴും മായാതെ കിടക്കുകയുംചെയ്യുന്നു. ഭയത്തിൻെറ കാരണം അതാണ്.

നക്സലൈററുകൾ നടത്തിയ ഗറില്ലാസമരങ്ങളിലെ വീരസേനാനിയായിരുന്ന ജംഗൽ സാന്താൾ 1967–ൽ കനുസാന്യാലിനോടൊപ്പം ചൈനയിൽച്ചെന്ന് മാവോസിഡോങ്ങിനെ കാണുകയുണ്ടായത്രേ. ഇന്ന് ജംഗൽ സാന്താൾ ഡാർജിലിങ് ജില്ലയിൽ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്ന ഒരു സാധാരണ ട്രെയ്ഡ് യൂണിയൻ നേതാവാണ്. സ്വന്തമായ ഒരു വെളുത്ത അംബാസഡർ കാർ ഉണ്ട്. ഫണ്ടുപിരിവാണു മുഖ്യ പ്രവർത്തനം. തൊഴിലാളികൾക്കിടയിൽ സാന്താളിനു സ്വാധീനം കുറവാണ്. പഴയ നക്സലൈററ് തൊഴിലാളികളിൽ അധികംപേരും ഇപ്പോൾ ഇന്ദിരാകോൺഗ്രസ് യൂണിയനിലാണത്രേ. എങ്കിലും, ജംഗൽ സാന്താൾ ചോദിച്ചാൽ ആരും സംഭാവന കൊടുക്കാതിരിക്കില്ല; തോട്ടമുടമകൾ പ്രത്യേകിച്ചും. സർവീസ് നടത്തുന്ന രണ്ടു ബസ്സുകൾ ജംഗൽസാന്താളിൻെറ വകയായി ഉണ്ടത്രേ. കനുസാന്യാലുമായി ഇപ്പോൾ ജംഗൽസാന്താൾ സൗഹാർദത്തിലല്ല.

നക്സലൈററുകളിൽ ഒരു വിഭാഗത്തിൻെറ നേതാവായിരുന്ന അനിൽ ബരൺറായ് 1983 ആദ്യത്തിൽ ബംഗാളിലെ പോലീസ്സിനു കീഴടങ്ങി. 1973 മുതൽ റായ് ഒളിവിലായിരുന്നു. 1969–ൽ ഒരു ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസർ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കെ ആണ് കൊമേഴ്സിൽ പോസ്റ്റ് ഗ്രാജേററ് ബിരുദമുള്ള റായ് നക്സലൈററ്പ്രസ്ഥാനത്തിൽ ചേർന്നതു്. 1980–ൽ ദിനാജ്പൂരിലെ പോലീസ്സ്റ്റേഷനിൽനിന്ന് 120 തോക്കുകൾ തട്ടിക്കൊണ്ടുപോയ ആക്രമണസംഘത്തിൽ റായിയും ഒരംഗമായിരുന്നെന്നു കരുതപ്പെടുന്നു. പിന്നീട് റായ് സ്വന്തം ഗ്രൂപ്പിലെ മററംഗങ്ങളുമായി തെററിപ്പിരിഞ്ഞു. അവർ റായിയെ പാർട്ടിയിൽനിന്നു പുറംതള്ളി. ഒടുവിൽ നിരാശനായാ

ണ്ട് റായ് ഈ വർഷം ആദ്യം പോലീസിനു കീഴടങ്ങിയതെന്ന പറയപ്പെടുന്നു.

ഈ കറിപ്പിലെ വിവരങ്ങൾക്ക് 'ദി വീക്ക്' വാരികയുടെ ജൂൺ 12 ലക്കത്തിലെ ലേഖനത്തോടു ഞാൻ കടപ്പെട്ടിരിക്കുന്നു.

(10 ജൂലൈ, 1983)

## 63. സങ്കേതവിദ്യ ഇറക്കുമതിനയം

എം. എസ്സി. പരീക്ഷ പാസ്സായവരെല്ലാം ശാസ്ത്രജ്ഞരാണെങ്കിൽ ഇന്ത്യയിൽ ലക്ഷക്കണക്കിനു ശാസ്ത്രജ്ഞരുണ്ട്. ശാസ്ത്രജ്ഞരുടെ മാനദണ്ഡം പിഎച്ച്. ഡി. ആക്കിയാലും പതിനായിരക്കണക്കിനു ശാസ്ത്രജ്ഞർ ഇവിടെ ഉണ്ടായിരിക്കും. 1981—ൽ ഇന്ത്യയിൽ നൂറെററു സർവ്വകലാശാലകളും, സർവകലാശാലകളായി കണക്കാക്കപ്പെടുന്ന പതിനൊന്നു സ്ഥാപനങ്ങളും, ദേശീയ പ്രാധാന്യമുള്ളവയെന്നു പാർലമെൻറ് പ്രഖ്യാപിച്ച ഒമ്പതു സ്ഥാപനങ്ങളുമുണ്ടായിരുന്നു. ഇവയുടെ എണ്ണം രണ്ടു വർഷത്തിനകത്ത് പിന്നെയും വർദ്ധിച്ചിട്ടുണ്ടായിരിക്കണം. ഇവയിലെല്ലാമുണ്ട് എത്രയോ പഠന—ഗവേഷണവിഭാഗങ്ങളും, അവയിൽനിന്നു ശമ്പളം പററുന്ന ഒട്ടേറെ ശാസ്ത്രജ്ഞരും.

ഈ ഗവേഷണങ്ങൾക്കു പുറമേയാണ് കേന്ദ്ര ഗവണ്മെൻറിന്റെ വിവിധ വകപ്പുകളുടെ നിയന്ത്രണത്തിലുള്ള നൂററമ്പതു ഗവേഷണ ലാബറട്ടറികൾ. കേന്ദ്രഗവണ്മെൻറിനു പുറമേ സ്റ്റേററ് ഗവണ്മെൻറുകളും ഇത്തരം സ്ഥാപനങ്ങൾ നടത്തിവരുന്നു. 1980—ാ മാണ്ടിൽ 629 വ്യവസായ സ്ഥാപനങ്ങളിൽ, അവയുടെ പ്രവർത്തനമേഖലകൾ സംബന്ധിച്ച ഗവേഷണ—വികസന പഠനസ്ഥാപനങ്ങൾ പ്രവർത്തിച്ചുപോന്നിരുന്നു. 1980 മുതൽ 1985വരെ, ആറാം പഞ്ചവത്സരപദ്ധതിക്കാലത്ത്, ശാസ്ത്ര—സാങ്കേതികപ്രവർത്തനങ്ങൾക്കായി കേന്ദ്രഗവണ്മെൻറ് വകയിരുത്തിയിട്ടുള്ളത് 3367.19 കോടി രൂപയാണ്. തീർച്ചയായും സയൻസിനുവേണ്ടി, ദുർലഭമായ വിഭവത്തിൽ നിസ്സാരമല്ലാത്ത ഒരു ഭാഗം ഈ ദരിദ്രരാജ്യം ചെലവഴിച്ചുപോരുന്നു.

എന്താണ സയൻസ് എന്നാൽ? വസ്തുതകൾ അഥവാ സത്യങ്ങൾ സംബന്ധിച്ച, വ്യവസ്ഥാപിതമായ, അറിവാണ സയൻസ്. സാമാന്യനിയമങ്ങളുടെ പ്രവർത്തനം വ്യക്തമാക്കുന്നതിനു പററിയ വിധത്തിലാണ സയൻസിൽ വസ്തുതകളെ വ്യവസ്ഥാപനംചെയ്യുന്നത്. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഭൗതികപ്രപഞ്ചത്തെ സംബന്ധിച്ച വ്യവസ്ഥാപിതവിജ്ഞാനമാണ് സയൻസ്.

'സ്നേഹത്തിൽനിന്നില്ലല്ലോ മറെറാന്നും ലഭിക്കുവാൻ,

സ്നേഹത്തിൻ ഫലം സ്നേഹം; ജ്ഞാനത്തിൻ ഫലം ജ്ഞാനം' എന്നാണ കവിവാക്യം. എന്നാൽ, വ്യവസ്ഥാപിതജ്ഞാനമായ സയൻസിൽനിന്നു പലതും ലഭിക്കുമെന്നു നാം പ്രതീക്ഷിക്കുന്നുണ്ട്. പ്രകൃതിയുടെ ശക്തികളെ നിയന്ത്രണവിധേയങ്ങളും പ്രകൃതിവിഭവങ്ങളെ ചൂഷണവിധേയങ്ങളുമാക്കുന്നതുവഴി, മനുഷ്യജീവിതത്തെ കൂടുതൽ സുഖകരമാക്കുക എന്നതാണ സാമാന്യമായി പറഞ്ഞാൽ, സയൻസിൽ നിന്നു നാം ആവശ്യപ്പെടുന്ന ഫലം. ഇങ്ങനെ ഭൗതികമായ ഒരു ലക്ഷ്യത്തിനുവേണ്ടി സയൻസിനെ പ്രയോജനപ്പെടുത്തുന്ന പ്രക്രിയയാണ സങ്കേതവിദ്യ, അഥവാ, ടെക്നോളജി. വ്യാവസായികകലകൾ